# പതിനാലാം കേരള നിയമസഭ

# പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 999 05.03.2020 ൽ മറുപടിക്ക്**

## ഏനാമാവ് ജംഗ്ഷനിലെ റോഡ് വികസനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഗുരുവായൂർ, പാവറട്ടി, തൃപ്രയാർ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി കടന്നുപോകുന്ന തൃപ്രയാർ-കാഞ്ഞാണി -ചാവക്കാട് പാതയിൽ ഗതാഗതക്കുരുക്ക് രൂക്ഷമായ ഏനാമാവ് ജംഗ്ഷനിലെ ഇടുങ്ങിയ റോഡ് വികസിപ്പിക്കുന്നതിന് പ്രത്യേകാനുമതി ലഭിച്ചിട്ടുണ്ടോ;എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) 19-12-2019-ലെ സ.ഉ (സാധാ) നമ്പർ 9956/2019/ധന ഉത്തരവ് പ്രകാരം ഏനമാവ് ജംഗ്ഷന് സമീപം വീതി കൂട്ടുന്ന പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള (52,50,000/- രൂപ) തുക ഉൾപ്പെടെ 1,30,00,000/- രൂപയുടെ എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത സർക്കാർ ഉത്തരവിന്മേലുള്ള പൊതുമരാമത്ത് വകുപ്പിന്റെ നിർദ്ദേശപ്രകാരം തൃശ്ശൂർ ജില്ലാ പി.ഡബ്ല്യു.ഡി.എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്നതിന് പാർട്ട്സാങ്കേതികാനുമതിക്കായി പൊതുമരാമത്ത് വകുപ്പ് വലപ്പാട് (നിരത്തുകൾ വിഭാഗത്തിൽ) എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

Hemalatha

**സെക്ഷൻ ഓഫീസർ**